പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1402 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |

**എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സി.കളിലും ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ ആശുപത്രികളിലും പ്രത്യേകിച്ച് പി.എച്ച്.സി.കളിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലബോറട്ടറി സംവിധാനം ലഭ്യമാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സംവിധാനം ലഭ്യമല്ലാത്ത പ്രാഥമിക/ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ദേശീയാരോഗ്യ മിഷൻ / ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേന ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 170 ഓളം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടുണ്ട്. |
| ബി) | എല്ലാ പി.എച്ച്.സി.കളിലും ലാബ് സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടോ;എത്ര പി.എച്ച്,സി. കളിൽ നിലവിൽ ലാബ് സൗകര്യം ഉണ്ടെന്നും എത്രയെണ്ണം ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | എല്ലാ സർക്കാർ ആശുപത്രികളിലും കുറഞ്ഞ ചെലവിൽ കാര്യക്ഷമതയുള്ള ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ എല്ലാ താലൂക്ക് /ജില്ലാ/ ജനറൽ ആശുപത്രികളിലും കാര്യക്ഷമമായ ലബോറട്ടറി സംവിധാനം സൗജന്യനിരക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി സൗകര്യം ലഭ്യമല്ലാത്ത പ്രാഥമിക/സാമൂഹികാരോഗ്യകേന്ദ്ര ങ്ങളിലും ആരോഗ്യവകുപ്പിന്റെ കീഴിൽ നാഷണൽ ഹെൽത്ത് മിഷന്റെ കോമ്പ്രഹെൻസീവ് ഹെൽത്ത് പ്രോഗ്രാം മുഖേന ലബോറട്ടറി സംവിധാനം ആരംഭിക്കുന്ന നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ